കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൂണേരി ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ്

കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:..........................................

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.7/494/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

ഇ-മെയിൽ -dokkd.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ 0495 2371012

തീയതി. 25.03.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

തൂണേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :തൂണേരിബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്ത്2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി.ഡെവലപ്മെന്റ്. കമ്മീഷണർ(ജനറൽ),കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി.7/494/2017 തിയ്യതി: 25.03.2017

## കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ രശീതികൾ ഹാജരാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി.ഉണ്ണികൃഷ്ണൻ ജോയിന്റ് ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2017 മുതൽ 27.02.2017. വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീഷ് കുമാർ.കെ ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.ഷാജു തോമസ് അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.രാജീവൻ.എൻ . ഓഡിറ്റർ(സീ.ഗ്രേ). |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ദേവി.എൻ.പി | 01.04. 2015 മുതൽ 31.10. 2015 വരെ |
| | ശ്രീ.സി.എച്ച് ബാലകൃഷ്ണൻ | 1-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.വാസുദേവൻ പിള്ള | 01.04.2015 മുതൽ 31.05.2015 വരെ |

| | | |
|---|---|---|
| | ശ്രീ.ടി.രാജീവ്(ഇൻചാർജ്) | 01.06.2015 മുതൽ<br>01.07.2015 വരെ |
| | ശ്രീ.ജയ്.പി.ബാൽ | 01.07.2015 മുതൽ<br>10.02.2016 വരെ |
| | ശ്രീ.ടി.കെ.കുഞ്ഞിരാമൻ(ഇൻചാർജ്) | 11.02.2016 മുതൽ<br>22.02.2016 വരെ |
| | ശ്രീ.പി.വി.മത്തായി. | 23.02.2016 മുതൽ<br>31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | | |
| ക്ഷീര വികസന ഓഫീസർ | ശ്രീ.ഇ.എം പത്മനാഭൻ. | 01.04.2015 മുതൽ<br>31.03.2016 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.മഞ്ജു.പി.ജി. | 01-04.2015മുതൽ<br>18-11-2015 വരെ |
| ടി- | ശ്രീമതി.കവിത.പി.ആർ | 27-11-2015 മുതൽ<br>31-03.2016 വരെ |
| എ.ഡി.എ.<br>ടി- | ശ്രീ.ജി.ആർ രാധാകൃഷ്ണൻ<br>ശ്രീമതി.രമാദേവി.പി.ആർ | 01..04.2015 മുതൽ<br>.8.7.2015 വരെ<br>21.07.2015 മുതൽ<br>31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ. | ശ്രീ.മണികണ്ഠൻ.പി. | 01-04-2015 മുതൽ<br>29-06-2015 വരെ |
| - ടി- | ശ്രീമതി.ബിന്ദു | 29-06-2015 മുതൽ<br>.31.03.2016വരെ |
| അസി.എക്സി.എൻജിനീയർ. | ശ്രീ.ഗോപിനാഥ്.പിഎം. | 01-04-2015മുതൽ<br>31.03.2016... വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.അഷ്ണർ.ടി.കേമത്ത് | 01.04.2015 മുതൽ<br>31.03.2016<br>വരെ |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോമിയോ ആശുപത്രി | ഡോ .ജി ശിവരാമകൃഷ്ണൻ | 01-04-2015 മുതൽ<br>31-08-2015 വരെ |
| | ഡോ.വി.ഹെലീന. | 31-08-2015മുതൽ<br>16-10-2015വരെ |
| | ഡോ.സജീവ്.ടി.കെ | 17-10-2015 മുതൽ<br>31-03-2016 വരെ |
| സൂപ്രണ്ട് താലൂക്ക്ഹോസ്പിറ്റൽ നാദാപുരം. | ഡോ.ലാലു ജോൺസ്. | 01-04-2015 മുതൽ<br>21-08-2015 വരെ |
| | ഡോ.മെയ്മോൾ പടയത്തി. | 22-08-2015 മുതൽ<br>12-11-2015 വരെ |
| | ഡോ.ഗീതു ഗുരുദാസ് | 13-11-2015 മുതൽ<br>31-03-2016 വരെ |

| | | |
|---|---|---|
| സി.എച്ച്.സി. വളയം | ഡോ.ജിതേഷ് കുമാർ | 01-04-2015 മുതൽ<br>11-11-2015 വരെ |
| | ഡോ.ശശീന്ദ്രൻ പി.കെ. | 12-11-2015 മുതൽ<br>31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| ഭാഗം-1പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 11 | 2-1 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ |
| | | ഭാഗം-3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 12 | 3-1 | എഗ്രിമെന്റ് വെയ്ക്കുന്നതിൽ കാലതാമസം – പിഴയീടാക്കിയില്ല. |
| 13 | 3-2 | പുത്തൻപുരയിൽ മുക്ക് -കുനിയിൽ കടവ് റോഡ് പ്രവൃത്തി ടാർ ബാരൽ വിലകൾ ഈടാക്കിയതിൽ കുറവ്. |
| 14 | 3-3 | ടാർ ബാരൽ വില ഈടാക്കിയതിൽ കുറവ് |
| 15 | 3-4 | വളയം-താമരശ്ശേരി റോഡ് പ്രവൃത്തി പൂർത്തിയാക്കിയതിൽ |

| | | |
|---|---|---|
| | | കാലതാമസം – പിഴ ഈടാക്കിയില്ല. |
| 16 | 3-5 | ശിങ്കാരിമേളം ഗ്രൂപ്പുകൾക്ക് സബ്സിഡി – പദ്ധതി നിർവ്വഹണത്തിൽ അപാകത |
| 17 | 3-6 | വളയം സി.എച്ച്.സി.യിൽ ഇൻവെർട്ടർ സ്ഥാപിക്കൽ – പദ്ധതി നിർവ്വഹണത്തിൽ വീഴ്ച |
| 18 | 3-7 | പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് – പദ്ധതി നിർവ്വഹണത്തിൽ അപാകത |
| 19 | 3-8 | സാംഖ്യ അടിസ്ഥാന സൗകര്യവികസനം – പദ്ധതി നിർവ്വഹണത്തിൽ അപാകത. |
| 20 | 3-9 | വനിതാ പരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ – അപാകതകൾ. |
| 21 | 3-10 | ഐ.കെ.എം. ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 22 | 3-12 | നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതികൾ നടപ്പാക്കുന്നില്ല. |
| | | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 23 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 24 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 25 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 26 | 4-4 | വായ്പ/ വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട അപാകതകൾ |
| 27 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 28 | 4-6 | ഓഡിറ്റ് റിക്കവറി |
| 29 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 30 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 31 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 32 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 24.02.2015 ലെ നം.186/15-16 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 26.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | -- | അനുബന്ധമായി ചേർത്തു |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 37054789

വരവ് - 87754328

ആകെ -124809117

ചെലവ് - 97707660

നീക്കിയിരിപ്പ്- 27101457

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7272023 | 20230013 | 27879614 | 27879614 | 0 | 100 | (+)377578<br>(-)377578 |
| വികസനഫണ്ട് എസ്.സി.പി. | 796646 | 2061578 | 2858224 | 2480646 | 0 | 100 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1183000 | 1183000 | 1183000 | 0 | 100 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2457442 | 2119997 | 4579439 | 4579439 | 0 | 100 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 | |
| എം.എൻ.ആർ. ഇ.ജി.എസ്. | 638297 | 233468 | 871765 | 869974 | 0.01791 | 99.79 | |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 | 0 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 98 | 43716289 | 81 | 36120699 | 1 | 16 | 82 |

## 1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്തിൽ തനത് വരുമാന ലഭ്യത തീരെ കുറഞ്ഞതിനാൽ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2017 ന് 11 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4400/-രൂപ ക്യാഷ് ബാലൻസ് ഉള്ളതായി കണ്ടു. ഇതിൽ 3400/- രൂപ മെമ്പർമാർക്കുള്ള സിറ്റിംഗ് ഫീസ് ഇനത്തിലുള്ളതും 1000/-രൂപ സ്റ്റേഷനറി ഇനത്തിലുള്ളതുമാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2016 മുതൽ 30.01.2016 വരെ | 19.05.2015 മുതൽ27.01.2016 വരെ | 14.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2015 മുതൽ 30.01.2015 വരെ | 2009-10 മുതൽ 2013-14 വരെ | 17.04.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വർഷിക ധനകാര്യ പത്രിക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എം.ജി.എൻ.ആർ.ഇ.ജി.എസ്. മുന്നിരിപ്പ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വികസനഫണ്ട്, എസ്.സി.പി., ടി.എസ്.പി, എം.ജി. (എൻ.ആർ) എന്നിവയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2). സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തിയ്യതി വരെ സൃഷ്ടിച്ച മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എഗ്രിമെന്റ് വെയ്ക്കുന്നതിൽ കാലതാമസം - പിഴയീടാക്കിയില്ല

2012 ലെ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം എഗ്രിമെന്റ് വെയ്ക്കണം 14 ദിവസത്തിന് ശേഷമാണ് എഗ്രിമെന്റ് വെയ്ക്കുന്നതെങ്കിൽ എഗ്രിമെന്റ് തുകയുടെ 1 ശതമാനം പിഴയീടാക്കേണ്ടതാണ്. 2015-16ൽ നടപ്പിലാക്കിയ താഴെ ചേർക്കുന്ന പദ്ധതികളുടെ എഗ്രിമെന്റ് വെയ്ക്കുന്നതിൽ കാലതാമസമുണ്ടായെങ്കിലും കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| പദ്ധതിയുടെ പേര്/നം | ടെണ്ടർ അംഗീകരിച്ച തിയ്യതി | കരാറുകാരൻ/ PAC | എഗ്രിമെന്റ് നം/ തി. | അവസാന ബിൽ/തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| ചാത്തോത്ത് മുക്ക് എടവനക്കണ്ടി റോഡ്28/16 | 14.9.2015 | ഷാജി.സി 399722 | 17/15-16 /4.1.16 | 42/15-16 /31.3.16 /395387/- | 3997/- |
| ബ്ലോക്ക് ഓഫീസ് പരിഷ്കരണം 29/16 | 14.9.2015 | ഷാജി.സി 315553 | 21/15-16 /4.1.16 | 39/15-16 315553/- | 3156/- |

പിഴയീടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/27.2.17) മറുപടി നൽകിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 7153/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 പുത്തൻപുരയിൽമുക്ക്-കുനിയിൽക്കടവ് റോഡ് പ്രവൃത്തി ടാർ,ബാരൽ വിലകൾ ഈടാക്കിയതിൽ കുറവ്

നിർവ്വഹണം – അസി.എക്സി.എഞ്ചിനിയർ

പ്രോജക്റ്റ് നം – 82/16

ചെലവ് – 481448/-

ബിൽ നം – 3/15-16/ 18.8.15

2014-15 ൽ എഗ്രിമെന്റ് വെച്ച പുത്തൻപുരയിൽമുക്ക്-കുനിയിൽ കടവ് റോഡ് പ്രവൃത്തിക്കുവേണ്ടി 2014-15 ൽ 2353 കിലോ ടാർ (15 ബാരൽ) കരാറുകാരനായ ടി.കുഞ്ഞിരാമന് നൽകിയതായി ടാർ സ്റ്റോക്ക് രജിസ്റ്റർ പേജ് 19ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻവോയ്സ് 5505,5535,എന്നിവ പ്രകാരം വാങ്ങിയ 161.8 കിലോയുള്ള 156 ബാരൽ

ടാറിന്റെ വില1271113/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുപ്രകാരം 50.36 രൂപ നിരക്കിൽ 2353/- കിലോ ടാറിന് 118497/-രൂപ ഇടാക്കേണ്ടതായിരുന്നുവെങ്കിലും 116826/-രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. ഇതുമൂലം 1671/-രൂപ നഷ്ടമുണ്ടായിട്ടുണ്ട്. 15 ബാരലിന്റെ വിലയായി 238 x15=3570/- രൂപയും വാറ്റ് ഇനത്തിൽ 518/-രൂപയും ഈടാക്കേണ്ടതായിരുന്നുവെങ്കിലും യഥാക്രമം 1500/-രൂപ,225/-രൂപ പ്രകാരമാണ് ഈടാക്കിരിക്കുന്നത്. ഇതുമൂലം ബാരൽ വിലയിനത്തിൽ 2070/- രൂപയും(3570 – 1500) വാറ്റ് ഇനത്തിൽ 293/-രൂപയും (518 – 225) കുറവ് വന്നിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/27.2.17) മറുപടി നൽകിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായ3741/-രൂപയും സംസ്ഥാന സർക്കാരിന് നഷ്ടമായ293/- രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ടാർ ബാരൽ വില ഈടാക്കിയതിൽ കുറവ്

വിവിധ റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി 2015-16 ൽ ടാർ വാങ്ങി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വിലയും വാറ്റും ഈടാക്കിയതിൽ കുറവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം/പേര് കരാറുകാരന്റെ പേര് | ബിൽ നം/തി./തുക | നൽകിയ ടാറിന്റെ അളവ് | ഈടാക്കിയ ബാരൽ വില/ വാറ്റ് | ഈടാക്കേണ്ടിയിരുന്ന വില/വാറ്റ് | കുറവ് |
|---|---|---|---|---|---|
| 78/15,8/16എടത്തും താഴെ-വിഷ്ണുമംഗലം റോഡ്.(ഷാജി.സി) | 42/14-15 /31.3.15 25838/- 36/15-16 /31.3.16 171983/- | 1740 kg (11ബാരൽ) | 1000/- 150/- | 238x11=2618 327/- | 1618 177 |
| 92/15,88/16 തയ്യുള്ളതിൽ മുക്ക്- ചോറുവട്ടായി ക്ഷേത്രം റോഡ്.കൺവീനർ.പി.ചന്തു | 1/15-16 /18.8.15 340913/- | 3721.40kg (23ബാരൽ) | 2300/- 322/- | 5474/- 794/- | 3174 472 |
| 91/15,87/16 പൂവത്ത്-ചീരാരത്ത് റോഡ്(ഷജിത്ത്.യു.പി) | 6/15-16/21.8.15 830581/- | 3883.2kg (24ബാരൽ) | 2400/- 360/- | 5712/- 828/- | 3312 468 |
| 81/15,84/16 കോട്ടേമ്പ്രം- കുനിയിൽ താഴെ റോഡ്(ഹരീന്ദ്രൻ) | 35/14-15 /31.3.15 227907/- 24/15-16/ 15.3.16 304527/- | 870 kg | 500/- 75/- | 1190/- 149/- | 690 74 |
| 80/15,83/16 വളയം - താമരശ്ശേരി റോഡ് (കെ.കെ.സജീഷ്) | 41/14-15 /31.3.15 90803/- 8/15-16 21.8.15 372190/- | 640.80kg (4ബാരൽ) | 300/- 45/- | 952/- 138/- | 652 93 |

| | | | | | |
|---|---|---|---|---|---|
| ആകെ | | | 6500<br>952 | 15946<br>2236 | 9446<br>1284 |

ടാർ ബാരൽ വിലയിനത്തിൽ 9446/-രൂപയും വാറ്റ് ഇനത്തിൽ 1284/-രൂപയും കറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/27.2.17) മറുപടി നൽകിയിട്ടില്ല. ഈ ഇനത്തിൽ കറവ് വന്ന തുക10730/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 വളയം താമരശ്ശേരി റോഡ് പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം-പിഴ ഊടാക്കിയില്ല

നിർവ്വഹണം - അസി.എക്സി.എഞ്ചിനിയർ

പ്രോജക്റ്റ് നം - 83/16

ചെലവ് – 372190/-

ബിൽ നം - 8/15-16/ 21.8.15

കരാറുകാരൻ – കെ.കെ സജീഷ് (p a c 499984 )

2014-15ൽ 80/15 എന്ന നമ്പരിൽ ആരംഭിച്ച പ്രവൃത്തിയാണിത് 7.11.2014 ൽടെണ്ടർ ചെയ്യുകയും കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത് 5.12.2014ൽ 4/14-15 നമ്പറായി എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തതാണ്. ഈ പ്രവൃത്തി 31.3.2015ൽ പൂർത്തിയാക്കേണ്ടതാണ്. ഈപ്രവൃത്തി നടത്തിപ്പിനായി 640.80 കി.ഗ്രാം ടാർ8.1.2015 ൽ കരാറുകാരൻ കൈപ്പറ്റുകയും ചെയ്തുവെങ്കിലും 10.7.2015 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് അളവ് രേഖപ്പെടുത്തിയിരിക്കുന്നത്. എഗ്രിമെന്റിലെ വ്യവസ്ഥ 7 പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി നീണ്ടുപോയാൽ ആദ്യത്തെ 3 മാസത്തേക്ക് എഗ്രിമെന്റ് തുകയുടെ 1ശതമാനവും തുടർന്നുള്ള ഓരോ 3 മാസത്തിനും 2ശതമാനം വീതവും പിഴയീടാക്കണമെന്ന് പറയുന്നുണ്ടെങ്കിലും അവസാന ബിൽ തുക നൽകിയപ്പോൾ പിഴയൊന്നും ഈടാക്കിയിട്ടില്ല. 31.3.2015 ൽ പൂർത്തിയാക്കേണ്ട പദ്ധതി 10.7.2015ന് മാത്രമാണ് പൂർത്തിയാക്കിയിരിക്കുന്നത്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെടുകയോ,നിർവ്വഹണ ഉദ്യോഗസ്ഥൻ നീട്ടി നൽകുകയോ ചെയ്യാത്ത പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും കരാർ പ്രകാരമുള്ള പിഴയീടാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് .അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/27.2.17) മറുപടി നൽകിയിട്ടില്ല.പിഴയിനത്തിൽ നഷ്ടമായ 5000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ശിങ്കാരിമേളം ഗ്രൂപ്പുകൾക്ക് സബ്സിഡി - പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രോജക്റ്റ് നം - 101/15-16

അടങ്കൽ – 530000 (വികസന ഫണ്ട്)

ചെലവ് – 530000/-

ബിൽനം./തി. – 24/15-16, 31.3.16

എടച്ചേരി ഗ്രാമ പഞ്ചായത്തിലെയും,പുറമേരി ഗ്രാമ പഞ്ചായത്തിലെയും 15 വനിതകൾ വീതമടങ്ങുന്ന 2 ഗ്രൂപ്പുകൾക്ക് ശിങ്കാരിമേളം പരിശീലനത്തിനും,ബേങ്ക് ലോൺ,സബ്സിഡി എന്നിവ ലഭ്യമാക്കി ശിങ്കാരിമേളം ട്രൂപ്പ് രൂപീകരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമാണ് ഈ പദ്ധതി നടപ്പാക്കിയത്. ശിങ്കാരിമേളം പരിശീലനം നൽകിയത് സർഗ്ഗാലയ ഇരിങ്ങൽ എന്ന സ്ഥാപനത്തിൽ വെച്ചാണ്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി തുക മുഴുവൻ സർഗ്ഗാലയ്ക്ക് കൈമാറി

പദ്ധതിക്ക് വികസന ഫണ്ട് ഇനത്തിൽ വകയിരുത്തിയ 329000/- രൂപയും, ഗ്രൂപ്പുകൾ ബേങ്കിൽ നിന്ന് വായ്പയെടുത്ത 201000/- (100500 x 2) രൂപയും കൂടി മൊത്തം 530000/-രൂപ ബ്ലോക്ക് സർഗ്ഗാലയ്ക്ക്

കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്കുള്ള പരിശീലനം,ചെണ്ട, ഇലത്താളം, യൂണിഫോം എന്നിവ സർഗ്ഗാലയ നൽകുകയാണുണ്ടായത്. ബ്ലോക്ക് പഞ്ചായത്തിനും,ബേങ്കുകൾക്കും പദ്ധതി നിർവ്വഹണത്തിൽ കാര്യമായ റോൾ ഇല്ലാത്ത അവസ്ഥയാണുള്ളത്, ഫലത്തിൽ ഈ പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായി സർഗ്ഗാലയയെ നിയോഗിച്ച അവസ്ഥയാണുണ്ടായിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് സർഗ്ഗാലയയുമായി 24.02.2016 ന് വെച്ച എഗ്രിമെന്റിൽ രണ്ട് ഗ്രൂപ്പുകൾക്കും 30 ദിവസത്തെ ശിങ്കാരിമേളം പരിശീലനം മാത്രമാണ് പറഞ്ഞിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മറ്റ് വ്യവസ്ഥകളൊന്നും തന്നെ എഗ്രിമെന്റിൽ സൂചിപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിന്റെ മുഴുവൻ ഉത്തരവാദിത്തവും സർഗ്ഗാലയയെ ഏല്പിച്ചത് ശരിയായ നടപടിയല്ല.

2) <u>പദ്ധതി നടത്തിപ്പിൽ ബേങ്കുകളുടെ പങ്ക് നാമമാത്രം</u>

സ.ഉ (എം.എസ്) 362/13 തി. 16.11.2013 തസ്വഭവ അനുബന്ധം 16 ൽ സ്വയം തൊഴിൽ സംരഭങ്ങളുമായി ബന്ധപ്പെട്ട സബ്സിഡി ബേങ്കിൽ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല സംരഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ (സംരഭത്തിൽ നിന്നുള്ള വരവുകളും നടത്തിപ്പിന് വേണ്ടിയുള്ള ചെലവുകളും) ബേങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. ബ്ലോക്കിൽ നിന്ന് ലഭിക്കുന്ന സബ്സിഡിയും,ബേങ്ക് അനുവദിക്കുന്ന ലോണും ഉൾപ്പെടെ സംരഭ നടത്തിപ്പിനായി ഗ്രൂപ്പിന് അനുവദിക്കുകയും സബ്സിഡി ബാക്ക് എൻഡായി അഡ്ജസ്റ്റ്ചെയ്യേണ്ടതുമാണ്. എന്നാൽ എടച്ചേരി ഗ്രാമപഞ്ചായത്തിലെ നാദം ഗ്രൂപ്പിന് ലോൺ നൽകിയ ഇരിങ്ങണ്ണൂർ സർവ്വീസ് സഹകരണ ബേങ്കം, പുറമേരി ഗ്രാമപഞ്ചായത്തിലെ സ്വരലയ ഗ്രൂപ്പിന് ലോൺ നൽകിയ പുറമേരി സർവ്വീസ് സഹകരണ ബേങ്കം അവരുടെ ഉത്തരവാദിത്തം ഗ്രൂപ്പുകൾക്ക് ലോൺ നൽകുന്നതിൽ മാത്രമൊതുക്കി. ലോൺ തുക ഗ്രൂപ്പുകൾ ചെക്ക് മുഖേന പിൻവലിച്ച് ബ്ലോക്ക് പഞ്ചയത്തിന് നൽകുകയും, ബ്ലോക്ക് ഈ തുക സർഗ്ഗാലയക്ക് കൈമാറുകയും ചെയ്തു.

3)<u>ഗ്രൂപ്പിനെ ഗ്രേഡിംഗ് നടത്താതെ ആനുകൂല്യം നൽകി:-</u>

ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷം നടത്തിയ ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പിനാണ് ആനുകൂല്യം നൽകേണ്ടത് എന്നാൽ ഗ്രേഡിംഗ് നടത്തിയതുമായി ബന്ധപ്പെട്ട രേഖയൊന്നും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) <u>ഗുണഭോക്താക്കളുടെ വരുമാനം ഉറപ്പുവരുത്തിയില്ല:-</u>

വാർഷിക വരുമാനം 50000 രൂപയിൽ കവിയാത്ത കുടുംബത്തിലെ 18 വയസ്സ് കഴിഞ്ഞ തൊഴിൽ രഹിതരുടെ ഗ്രൂപ്പിനാണ് ആനുകൂല്യം നൽകേണ്ടത് എന്നാൽ ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിച്ചുള്ള രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) പരിശീലന പരിപാടികൾ 50000 രൂപ വരുമാന പരിധിക്ക് വിധേയമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും അല്ലാത്തവർക്കുമായി പരിമിതപ്പെടുത്തേണ്ടതാണ് ഗ്രാമ പ്രദേശങ്ങളിൽ SGSY നിബന്ധന പാലിച്ച് കൊണ്ടാണ് ട്രെയിനിങ്ങ് നൽകേണ്ടത് പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുമ്പോൾ സർക്കാർ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ് എന്നാൽ സർഗ്ഗാലയ എന്ന സ്ഥാപനം സർക്കാർ സ്ഥാപനമാണോ എന്നത് ബ്ലോക്ക് പഞ്ചായത്ത് ഉറപ്പുവരുത്തിയിട്ടില്ല.

6) <u>മോണിട്ടറിംഗ് നടത്തുന്നതിൽ വീഴ്ച:-</u>

കണക്കുകൾ എഴുതി സൂക്ഷിക്കൽ, മീറ്റിംഗ് മിനുട്സ് എഴുതി സൂക്ഷിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഗ്രൂപ്പിന് ട്രയിനിങ്ങ് നൽകാതെയാണ് ആനുകൂല്യത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി ഗ്രൂപ്പുകളുടെരജിസ്റ്ററുകൾ പരിശോധിക്കുകയുണ്ടായി. ഗ്രൂപ്പുകൾ അവരുടെ ലോണുമായി ബന്ധപ്പെട്ട കണക്കുകൾ,മീറ്റിംഗ് മിനുട്സ് ബുക്ക് എന്നിവ എഴുതി പൂർത്തിയാക്കിയിട്ടില്ല. സമയബന്ധിതമായി മോണിട്ടറിംഗ് നടത്തുന്നതിലെ വീഴ്ചയാണ് ഇതിന് കാരണം. പദ്ധതി നടത്തിപ്പിലെ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.2.17)മറുപടി നൽകിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-6 <u>വളയം സി.എച്ച്.സി.യിൽ ഇൻവെർട്ടർ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ വീഴ്ച</u>

നിർവ്വഹണം – മെഡി.ഓഫീസർ

പ്രോജക്റ്റ്നം – 66/16

അടങ്കൽ – 53000 (എം.ജി.നോൺ റോഡ്)

ചെലവ് – 45000/-

ബിൽ നം, തി. – 8/16, 17.2.16

വളയം സി.എച്ച്.സി യിൽ മുടക്കമില്ലാതെ വൈദ്യുതി ലഭിക്കുന്നതിന് വേണ്ടി ഇൻവെർട്ടർ സ്ഥാപിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണിത്. പ്രോജക്ടിൽ ഇൻവെർട്ടർ റേറ്റ് കോൺട്രാക്റ്റുള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയത് ക്വട്ടേഷൻ ക്ഷണിച്ച്,ക്വാളിറ്റി ബാറ്ററി ഹൗസ് പേരാമ്പ്ര എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ്.(ഡി.ഡി.നം 979190/17.2.16) ക്വട്ടേഷനിൽ ഇൻവെർട്ടറിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നിർദ്ദേശം അവഗണിച്ച് പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/25.2.17) മറുപടി നൽകിയിട്ടില്ല.ചെലവ് തുക 45000/- തടസ്സപ്പെടുത്തുന്നു.

## **3-7** <u>പ്രഫഷണൽ കോഴ്സിന് പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നിർവ്വഹണത്തിൽ അപാകത</u>

പ്രോജക്റ്റ്നം – 104/16

അടങ്കൽ – 206400/- (വികസന ഫണ്ട്)

ചെലവ് – 206400/-

ബിൽനം/ തി./ – 1/16, 30.03.2016

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയാണിത്. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്നൽകാനാണ് പദ്ധതി നടപ്പിലാക്കിയത്. കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് ടെണ്ടർ നടപടികൾ കൂടാതെ,കെൽട്രോണിൽ നിന്നാണ്. എയ്സർ (acer)കമ്പനിയുടെ കമ്പ്യൂട്ടറുകളാണ് കെൽട്രോൺസപ്ലൈചെയ്തിരിക്കുന്നത്. ജി.ഒ(പി)1/2006/എസ്.പി.ഡി./തി.2.2.2006 പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ / അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വിലയിൽ അധികരിക്കാൻ പാടില്ല. ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാൻഡുകളാണെങ്കിൽ ടെണ്ടർ നടപടികൾ സ്വീകരിക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല സ.ഉ. (സാധാ) 1838/12 തസ്വഭവ. തി. 03.07.12 ഖണ്ഡിക 7 പ്രകാരം കമ്പ്യൂട്ടറുകൾ ടെണ്ടർ കൂടാതെ കെൽട്രോണിൽ നിന്നും വാങ്ങുമ്പോൾ ഡി.ജി.എസ്. & ഡി. നിരക്കിനേക്കാൾ കുറവായിരിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കിയത്. വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/25.2.17) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## **3-8** <u>സാംഖ്യഅടിസ്ഥാന സൗകര്യവികസനം - പദ്ധതി നിർവ്വഹണത്തിൽ അപാകത</u>

പ്രോജക്റ്റ്നം – 97/16

അടങ്കൽ – 238640/- (വികസന ഫണ്ട്)

ചെലവ് – 238640/-

ബിൽനം/ തി./തുക 1)8/16, 19.2.16/ 180000/-

2)22/16, 30.3.16/ 58640/-

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിനിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയാണിത്. സാംഖ്യ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിന് കമ്പ്യൂട്ടർ,പ്രിന്റർ,യു.പി.എസ്.എന്നിവ വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് കെൽട്രോണിൽ നിന്നാണ്. എയ്സർ (acer)കമ്പനിയുടെ കമ്പ്യൂട്ടറുകളാണ് കെൽട്രോൺസപ്ലൈചെയ്തിരിക്കുന്നത് ജി.ഒ(പി.1/2006/എസ്.പി.ഡി./തി.2.2.2006 പ്രകാരം ടെണ്ടർ നടപടികൾ

കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ / അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വിലയിൽ അധികരിക്കാൻ പാടില്ല. ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാൻഡുകളാണെങ്കിൽ ടെണ്ടർ നടപടികൾ സ്വീകരിക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല സ.ഉ. (സാധാ) 1838/12 തസ്വഭവ. തി. 03.07.12 ഖണ്ഡിക 7 പ്രകാരം കമ്പ്യൂട്ടറുകൾ ടെണ്ടർ കൂടാതെ കെൽട്രോണിൽ നിന്നും വാങ്ങുമ്പോൾ ഡി.ജി.എസ്. & ഡി. നിരക്കിനേക്കാൾ കുറവായിരിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കിയത്.അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-9 വനിതാ പരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ- അപാകതകൾ

പ്രോജക്ട് നം – 114/16

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.

അടങ്കൽ – 618698 (വികസന ഫണ്ട്)

ചെലവ് – 618698/-

ബിൽനം/ തി. – 21/16 . 23.03.16

വനിതാ പരിശീലന കേന്ദ്രത്തിൽ ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. ടെണ്ടർ നടപടികൾ കൂടാതെയാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. ഫൈബർ കസേര,കോൺഫറൻസ് ടേബ്ൾ,എക്സിക്യൂട്ടീവ് ചെയർ,ജെഫേഴ്സൺ ചെയർ,സ്റ്റേജ് എന്നിവയാണ് വാങ്ങിയത്. ഇതിൽ ഫൈബർ കസേര ഒഴികെയുള്ള ഫർണ്ണിച്ചറുകൾ വാങ്ങിയിരിക്കുന്നത് റബ്കോയിൽ നിന്നാണ്. ഫൈബർ കസേര വാങ്ങിയിരിക്കുന്നത് സിഡ്കോയിൽ നിന്നാണ്.ജി.ഒ (പി)3/2013 എസ്.പി.ഡി. തി.21.6.2013 ഉത്തരവ് ഖ.9-24ൽ വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പാദിപ്പിച്ചതാണെന്ന് പർച്ചേസ് ഓഫീസർ ഉറപ്പുവരുത്തണം, സിഡ്കോ നേരിട്ട് ഉൽപ്പാദിപ്പാദിപ്പിക്കാത്ത ഫൈബർ കസേര ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയത് ശരിയായ നടപടിയല്ല. അപാകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/25.2.17) മറുപടി നൽകിയിട്ടില്ല. ഫൈബർ കസേര വാങ്ങിയ ഇനത്തിൽ സിഡ്കോയ്ക്ക് നൽകിയ 97554/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഐ. കെ. എം. ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം – 117/16

അടങ്കൽ – 27890 (വികസന ഫണ്ട്)

ചെലവ് – 27890/-

ബിൽനം/ തി. – 28/16. 29.3.2016

സ.ഉ. (സാധാ) നം 1228/16 തി.8.3.16 തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.1% ഐ.കെ.എം ന്റെ പ്രവർത്തനങ്ങൾക്ക് മാറ്റിവെക്കേണ്ടതാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ തുക ഐ.കെ.എം.ന് കൈമാറിയിട്ടുണ്ട് (ഡി.ഡി.നം.654278/6.4.2016) എന്നാൽ ഇത് സംബന്ധിച്ച് വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക 27890/-തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 നിർവ്വഹണോദ്യോഗസ്ഥർ പദ്ധതികൾ നടപ്പാക്കുന്നില്ല

കൃഷി അസി ഡയറക്ടർ,വ്യവസായ വികസന ഓഫീസർഎന്നീ നിർവ്വഹണോദ്യോഗസ്ഥർ തുടർച്ചയായി മൂന്ന്

വർഷങ്ങളിലും (2012-13 മുതൽ 2015-16 വരെ) ക്ഷീര വികസന ഓഫീസർ 2015-16 വർഷത്തിലും, പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൃഷി, ചെറുകിടവ്യവസായം, ക്ഷീരവികസനം തുടങ്ങിയ മേഖലകളിൽ വ്യക്തമായ ചുമതലകൾ നിർവ്വഹിക്കാനുണ്ടെന്നിരിക്കേ, തുടർച്ചയായ വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാത്തത് നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുണ്ടാകുന്ന ഗുരുതരമായ വീഴ്ചയാണ്. ഈ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ചെലവ് ഗണ്യമായി കുറയുന്നതിന് കാരണമാകുന്നുണ്ട്. പ്രധാനപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ തുടർച്ചയായ വർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ / വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട അപാകതകൾ

മുതലും പലിശയും എല്ലാ വർഷവും മാർച്ച് 31ന് മുൻപ് ഒടുക്കേണ്ടതാണെങ്കിലും ഒരിക്കൽ പോലും കൃത്യസമയത്ത് ഒടുക്കിയതായി കാണുന്നില്ല. കൃത്യമായി ഒടുക്കാത്തതിന് ബേങ്ക് പിഴപലിശ ഈടാക്കുന്നുണ്ടോയെന്ന രേഖകളിൽ നിന്ന് വ്യക്തമല്ല. വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഓരോ വർഷവുംതിരിച്ചടയ്ക്കുന്ന തുക,വൗച്ചർ നമ്പർ,വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കുറ്റമറ്റതാക്കി ഹാജരാക്കേണ്ടതാണ്.

### 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2004-05 (3-6) | 2007-08 (3-6) | സാമൂഹ്യ ജലസേചന പദ്ധതികൾ<br>വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തത് | വൈദ്യുതി കണക്ഷൻ ലഭ്യമാക്കി നല്ല രീതിയിൽ പ്രവർത്തിക്കുന്നു<br>നിലവിൽ വാസയോഗ്യമായ |

| | | | |
|---|---|---|---|
| 2001-02<br>(8-5) 10 | 2005-06 (8-5) ,10 | 8(5)-വനിതാ വീട് (ജനറൽ)<br>8 (10) – SGRY -പട്ടിക വർഗ്ഗത്തിന് ഭവന ധനസഹായം | വീട്ടുണ്ട് |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87754328 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97707660 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25340 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 170444 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7153 | പി.എം.ഗോപിനാഥ്.(അസി. എക്സി.എഞ്ചിനിയർ) |
| 3-2 | | 3741 | ടി |
| 3-3 | | 9446 | ടി |
| 3-4 | | 5000 | ടി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 45000 | ഡോ.ശശീന്ദ്രൻ.പി.കെ മെഡി.ഓഫീസർ.(സി.എച്ച്.സി.വളയം) |
| 3-9 | 97554 | ശ്രീ.പി.വി.മത്തായി. സെക്രട്ടറി.ബ്ലോക്ക് പഞ്ചായത്ത് |
| 3-10 | 27890 | ശ്രീ.പി.വി.മത്തായി. സെക്രട്ടറി.ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 170444 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-2 – 293/-രൂപ വാറ്റ്, ഖണ്ഡിക 3-3 – 1284 /-രൂപ വാറ്റ്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എം.ഗോപിനാഥ്. അസി.എക്സി. എഞ്ചിനിയർ | അസി.എക്സി. എഞ്ചിനിയർ.കോർപ്പറേഷൻ. കോഴിക്കോട് | ഐശ്വര്യ (വീട്) തൃക്കലങ്ങാടി(പി.ഒ) മഞ്ചേരി.പിൻ.676123 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | എൽ.എഫ്.കെ.കെ.ഡി.പി7/14/14(1)6.11.14 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(2)9.3.2015 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(3)9.3.2015 | 3 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(4)12.11.2014 | 8 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(5)6.11.14 | 3 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(6)9.3.2015 | 2 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി7/1492 /14(7)12.11.2014 | 3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(8)25.6.2010 | 4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി7/1173/09(9)25.6.2010 | 1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(9)12.11.14 | 4 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(10)1011.14 | 8 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(12)30.12.14 | 1 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(13)6.11.14 | 4 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(12)30.12.14 | 2 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(12)30.12.14 | 4 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി7/1492/14(12)30.12.14 | |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/1796/16/21.11.16 | |

ജോയന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി7 494/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തി.25.03.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തുണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തുണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 7/494/2017

Kerala State Audit Department

District Audit Office, Kozhikode

Phone - 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated -25.03.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Tuneri block Panchayat for the year ended on 2015-16 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements ofTuneri block Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

District Audit Office, Kozhikode.